"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- അടൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.528/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.04.2014 തീയതിയിലെ ഇ3(എസ്.സി.34/2013(പി,റ്റി.എ) 31859/13 നമ്പർ കത്ത്

2 സർക്കാരിന്റെ 12.01.2016തീയതിയിലെ 63164/ഇയു2/14-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 26.11.2019 തീയതിയിലെ വി1- 2092/16 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പത്തനംതിട്ട യൂണിറ്റ് അടൂർ നഗരസഭയിൽ 09.09.2013-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ജീവനക്കാരുടെ അനധികൃത അവധിയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതും ഉൾപ്പെടെയുള്ള കൃത്യവിലോപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ചുവടെ പറയുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/ പത്രിക നൽകിയിരുന്നു.

1. ശ്രീ. ദിനേശ് എസ്. ചീരൻതോട്,ക്ലാർക്ക്
2. ശ്രീമതി. ഒ.ജി. ശ്രീജി, എൽ. ഡി. ടൈപ്പിസ്റ്റ്
3. ശ്രീ. കെ. ജി. രാജഗോപാൽ, ഡ്രൈവർ
4. ശ്രീമതി. എൻ. സരള കുമാരി, C BULB Operator
5. ശ്രീ. എ. പത്മനാഭപിള്ള, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ II
6. ശ്രീമതി. ബി. ജയശ്രീ, സീനിയർ ക്ലാർക്ക്
7. ശ്രീ.എം.വി. സോമശേഖരൻ നായർ- റവന്യൂ ഇൻസ്പെക്ടർ
8. ശ്രീമതി. കെ.എസ്. ശശികല - റവന്യൂ ഇൻസ്പെക്ടർ
9. ശ്രീമതി ഒ. ചന്ദ്രാവതി - സൂപ്രണ്ട്
10. ശ്രീമതി എ. സുമി മോൾ - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ II
11. ശ്രീ. സി. പ്രസാദ് - സീനിയർ ക്ലാർക്ക്
12. ശ്രീ. എസ് ദിലീപ് - ഓഫീസ് അറ്റൻഡന്റ്

2. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മേൽ ജീവനക്കാരുടെ മറുപടികളിൽ നിന്നും ടിയാളുകൾക്ക് മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചകളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും വിജിലിൻസ് പരിശോധനകൾക്ക് ശേഷം ടിയാളുകൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയോ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ലാത്തതാണെന്നും ആയതിനാൽ ടിയാളുകളുടെ മറുപടികൾ പരിഗണിച്ച് തുടർന്നുള്ള ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അടൂർ നഗരസഭാ സെക്രട്ടറി ശുപാർശ ചെയ്തിട്ടുള്ള വിവരം അറിയിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഓഫീസിൽ ഹാജരായി ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതണമെന്നിരിക്കെ ജീവനക്കാർ ആയതിൽ വീഴ്ച വരുത്തിയിട്ടുള്ളത് ആശാസ്യമല്ലാത്തതാണ് എന്നും മിന്നൽ പരിശോധനയിൽ 10 ജീവനക്കാർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത് ഒട്ടും ഹിതകരമല്ലായെന്നും അനധികൃതമായി ഹാജരില്ലാത്ത തായി കണ്ടെത്തിയ ശ്രീമതി. ഒ.ചന്ദ്രമതിയ്ക്ക് അവധി അനുവദിച്ചിട്ടുണ്ടായിരുന്നുവെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതിനാലും ടിയാൾ 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാൾക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും അറിയിക്കുകയുണ്ടായി. ശ്രീ.കെ.ജി. രാജഗോപാൽ ഓഫീസ് വാഹനത്തിന്റെ അറ്റകുറ്റപണികൾക്കായി ഓഫീസ് നിർദ്ദേശ പ്രകാരം പോയിട്ടുള്ളതാണെന്ന വസ്തുത പരിഗണിച്ചും ടിയാനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും കൂടാതെ ശ്രീ. എം.ഇ. സോമശേഖരൻ നായർ, ശ്രീമതി. കെ.എസ്. ശശികല എന്നിവർ യഥാക്രമം 31.05.2016, 31.07.2018എന്നീ തീയതികളിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാകയാൽ മാനുഷിക പരിഗണന നൽകി ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടികൾ തീർപ്പാക്കാവുന്നതാണ് എന്നും ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ അലംഭാവം കാണിച്ചിട്ടുള്ള ജീവനക്കാരായ ശ്രീ. ദിനേശ് എസ്. ചിരൻതോട്, ശ്രീമതി ഒ.ജി. ശ്രീജി, ശ്രീമതി എൻ. സരള കുമാരി, ശ്രീ. എ. പത്മനാഭപിള്ള, ശ്രീമതി. ബി. ജയശ്രീ, ശ്രീമതി. എ. സുമി മോൾ, ശ്രീ. സി. പ്രസാദ്, ശ്രീ. എസ്. ദിലീപ് എന്നിവർക്ക് ലഘുശിക്ഷകൾ നൽകാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഫീസിൽ ഹാജരായി ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തതും, ഓഫീസിൽ അനധികൃതമായി ഹാജരാകാത്തതും ഒട്ടും ഹിതകരമല്ലായെങ്കിലും ജീവനക്കാരുടെ പ്രതിവാദപത്രിക, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റ് അടൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ശ്രീ. കെ.ജി. രാജഗോപാൽ(ഡ്രൈവർ), നിലവിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീമതി. ഒ. ചന്ദ്രമതി,(സൂപ്രണ്ട്) ശ്രീ. എം.ഇ. സോമശേഖരൻ നായർ,(റവന്യൂ ഇൻസ്പെക്ടർ) ശ്രീമതി. കെ.എസ്. ശശികല,(റവന്യൂ ഇൻസ്പെക്ടർ) എന്നിവർക്കെതിരായ തുടർനടപടികൾ ഒഴിവാക്കിയും

ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ച കാണിച്ചിട്ടുള്ള ജീവനക്കാരായ ശ്രീ. ദിനേശ് എസ്. ചിരൻതോട്(ക്ലാർക്ക്) ,ശ്രീമതി ഒ.ജി. ശ്രീജി,(എൽ. ഡി. ടൈപ്പിസ്റ്റ്) ശ്രീമതി എൻ. സരള കുമാരി,(സി.ബൾബ് ഓപ്പറേറ്റർ) ശ്രീ. എ. പത്മനാഭപിള്ള, (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ II ) ശ്രീമതി. ബി. ജയശ്രീ,(സീനിയർ ക്ലാർക്ക് ) ശ്രീമതി. എ. സുമി മോൾ,(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ II ) ശ്രീ. സി. പ്രസാദ്,(സീനിയർ ക്ലാർക്ക്) ശ്രീ. എസ്. ദിലീപ്(ഓഫീസ് അറ്റൻഡന്റ്) എന്നിവർക്ക് 'ശാസന'(Censure) നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(28.02.2020തീയതിയിലെ VIG-D1/129/2020-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ